## പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 306** — **24.06.2013- ലെ മറുപടിക്ക്**

## സ്റ്റേറ്റ് ഇന്നവേഷൻ കൗൺസിൽ

**ചോദ്യം**

ഡോ.എൻ. ജയരാജ്:
ശ്രീ.എം.വി.ശ്രേയാംസ് കുമാർ:
,, പി.സി.ജോർജ്ജ്:
,, റോഷി അഗസ്റ്റിൻ:

**ഉത്തരം**

**ശ്രീ. ഉമ്മൻ ചാണ്ടി**
(മുഖ്യമന്ത്രി)

| ചോദ്യം | ഉത്തരം |
|---|---|
| (എ) സ്റ്റേറ്റ് ഇന്നവേഷൻ കൗൺസിൽ രൂപീകരിക്കുന്നതു സംബന്ധിച്ച തീരുമാനം വ്യക്തമാക്കുമോ; | (എ) ദേശീയ ഇന്നവേഷൻ കൗൺസിൽ അദ്ധ്യക്ഷൻ ശ്രീ. സാം പിട്രോഡയുടെ നിർദ്ദേശ പ്രകാരം സംസ്ഥാന സർക്കാർ സ്റ്റേറ്റ് ഇന്നവേഷൻ കൗൺസിൽ രൂപീകരിക്കുന്നതിനായിട്ടുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത കൗൺസിലിൽ ഏതെല്ലാം മേഖലയിൽ നിന്നുള്ള പ്രഗല്ഭരെയാണ് ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നത് ; ഇതിന്റെ ഘടന എപ്രകാരമാണ് ; | (ബി) പ്രസ്തുത കൗൺസിലിലേയ്ക്ക് ഉന്നത സർക്കാർ ഉദ്യോഗസ്ഥരേയും വ്യവസായ പ്രമുഖരേയും കൂടാതെ വിവിധ മേഖലകളിൽ പ്രാഗൽഭ്യം തെളിയിച്ചിട്ടുള്ളവരെയും പ്രശസ്തി നേടിയിട്ടുള്ളവരെയും ഉൾപ്പെടുത്തി ഒരു സമിതി രൂപീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. ഉത്പാദനം, വിദ്യാഭ്യാസം, വിവര-സാങ്കേതികം, ടൂറിസം, ആരോഗ്യം തുടങ്ങിയ മേഖലകളിൽ നിന്നുള്ള പ്രമുഖരെയാണ് ഈ കൗൺസിലിൽ ഉൾപ്പെടുത്തുന്നത്. ചീഫ് സെക്രട്ടറിയുടെ മേൽനോട്ടത്തിലും, കെ.എസ്.ഐ.ഡി.സി മാനേജിങ്ങ് ഡയറക്ടർ മെമ്പർ കോ - ഓർഡിനേറ്ററായും ഈ കൗൺസിൽ പ്രവർത്തിക്കുവാനാണ് തല്ക്കാലം ഉദ്ദേശിക്കുന്നത്. |
| (സി) പ്രസ്തുത കൗൺസിലിന്റെ രൂപീകരണത്തിനായി നാഷണൽ ഇന്നവേഷൻ കൗൺസിലിന്റെ സഹായം തേടുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ? | (സി) ഇല്ല. എന്നാൽ സ്റ്റേറ്റ് ഇന്നവേഷൻ കൗൺസിൽ രൂപീകരിച്ചശേഷം നാഷണൽ ഇന്നവേഷൻ കൗൺസിലിന്റെ മാർഗ്ഗ നിർദ്ദേശങ്ങൾ കൂടി പരിഗണിച്ചായിരിക്കും സ്റ്റേറ്റ് ഇന്നവേഷൻ കൗൺസിൽ പ്രവർത്തിക്കുന്നത്. |

സെക്ഷൻ ഓഫീസർ.